# Deepika

# 28 August 2018

# Kochi; Cleaning, after flood

## നിയോജക മണ്ഡലങ്ങളിൽ ദുരന്തനിവാരണ സംഘം രൂപീകരിക്കണം: ബികെആർജി

കൊച്ചി: പ്രകൃതി ദുരന്തങ്ങളെയും മറ്റ് അടിയന്തര സാഹചര്യങ്ങളെയും ഫലപ്രദമായി കൈകാര്യം ചെയ്യാൻ സംസ്ഥാനത്ത് ഓരോ നിയോജനകമണ്ഡലത്തിലും അടിയന്തര പ്രാധാന്യത്തോടെ ദുരന്ത നിവാരണ സംഘത്തെ സജ്ജമാക്കണമെന്ന് ബെറ്റർ കൊച്ചി റെസ്പോൺസ് ഗ്രൂപ്പ് (ബികെആർജി). ദുരന്തങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അവ നേരിടാൻ കുറഞ്ഞത് 100 വിദഗ്ധരടങ്ങുന്ന സംഘത്തെ സജ്ജമാക്കണമെന്നാണ് ബികെആർജി മുഖ്യമന്ത്രി പിണറായി വിജയന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പറയുന്നു.

ഓരോ ദുരന്തഘട്ടത്തെയും അഭിമുഖീകരിക്കാൻ കൃത്യമായ പരിശീലനം നൽകി സജ്ജമാക്കുന്ന ഈ സംഘത്തിന് മതിയായ ജീവൻരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കണം.

കൂടാതെ ആപത്ഘട്ടങ്ങൾ നേരിടാനുള്ള നൈപുണ്യ വികസനം സ്കൂൾ, കോളജ്, പ്രഫഷണൽ സ്ഥാപനങ്ങൾ എന്നിവയുടെ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്നും ബികെആർജി വേണ്ടി മുൻ തമിഴ്നാട് ചീഫ്സെക്രട്ടറി പി.സി. സിറിയക് മുഖ്യമന്ത്രിക്ക് കൈമാറിയ മെമ്മോറാണ്ടത്തിൽ നിർദേശിക്കുന്നു.

## വെള്ളം കയറിയ സ്ഥലങ്ങളിൽ ഫാക്ട് ശുചീകരണ പ്രവർത്തനം നടത്തി

കൊച്ചി: ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഫാക്ടിന്റെ ഫയർസർവീസ് വിഭാഗം ഫാക്ട് പരിസരപ്രദേശങ്ങളും ഏലൂർ സെന്റ് ആൻസ് വിദ്യാലയത്തിന്റെ പ്രദേശങ്ങളും ശുചീകരിച്ചു.

പ്രളയജലം ഇറങ്ങിയപ്പോൾ കുന്നുകൂടിക്കിടന്ന മാലിന്യവസ്തുക്കളും ചെളിയും നീക്കം ചെയ്ത് കഴുകിയാണ് വൃത്തിയാക്കിയത്.

കുടിവെള്ള ദൗർലഭ്യം നേരിടുന്ന മേഖലകളിൽ ഫാക്ടിന്റെ ഫയർ എൻജിൻ ഉപയോഗിച്ച് കമ്പനിയുടെ ജലശുദ്ധീകരണ ശാലകളിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്തു വരുന്നുണ്ട്. ഫാക്ടിന്റെ മെഡിക്കൽ വിഭാഗവും ക്യാമ്പുകൾ നടത്തി രോഗികൾക്ക് വേണ്ട വൈദ്യസഹായം ചെയ്തു കൊടുക്കുന്നുണ്ട്.

## വാഹന ഇൻഷ്വറൻസ് തുക വേഗത്തിൽ നല്കും

പറവൂർ: പ്രളയംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച വാഹനങ്ങൾക്കും വസ്തുക്കൾക്കുമുള്ള ഇൻഷ്വറൻസ് തുക വിതരണം തുടങ്ങി. ലഘൂകരിച്ച നിയമങ്ങൾമൂലം അതിവേഗം ക്ലെയിമുകൾ പാസാക്കി നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഇന്നലെ മുതൽ ഉപഭോക്താക്കൾക്ക് നഷ്ടപരിഹാര തുക നല്കിയത്.

പറവൂർ ന്യൂഇന്ത്യാ ഇൻഷ്വറൻസ് ഓഫീസിൽ വാഹനങ്ങൾക്ക് നഷ്ടങ്ങളുണ്ടായ 15 പേർക്ക് ഇന്നലെ ആനുകൂല്യം നല്കി. വി.ഡി. സതീശൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. റീജിയണൽ മാനേജർ കെ. രാധാകൃഷ്ണൻ പ്രസംഗിച്ചു. ലഘൂകരിച്ച നടപടിക്രമങ്ങൾ അനുസരിച്ച് എസ്റ്റിമേറ്റോ ബില്ലുകളോ ഇല്ലാതെ ഇരുചക്രവാഹന ഇൻഷ്വറൻസ് തുക നല്കുമെന്ന് യൂണിറ്റ് ഇൻചാർജ് ജോൺ തോമസ് അറിയിച്ചു. അവധി ദിവസങ്ങളിലും ഓഫീസ് പ്രവർത്തിപ്പിച്ച് നഷ്ടപരിഹാര തുക നല്കും. ഇതിനായി സർവേ യും നടത്തുന്നുണ്ട്. ദിവസവും തുകവിതരണമുണ്ടാകും.

## മാലിന്യങ്ങൾ തദ്ദേശസ്ഥാപനങ്ങളിൽ ശേഖരിക്കും: മന്ത്രി മൊയ്തീൻ

**ദുരിതബാധിതർക്കായി സർക്കാർ ഏർപ്പെടുത്തിയ കിറ്റുകൾ ഇനി ജനപ്രതിനിധികളെ ബോധ്യപ്പെടുത്തി വില്ലേജ് ഓഫീസുകൾ മുഖേനയാണ് നല്കുക.**



**പറവൂർ നഗരസഭയിൽ പ്രളയത്തെത്തുടർന്നു സ്വീകരിക്കേണ്ട നടപടികളുടെ അവലോകന യോഗം മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.**

പറവൂർ: പ്രളയത്തെത്തുടർന്ന് വീടുകളിലും പറമ്പുകളിലും എത്തിയിട്ടുള്ള മാലിന്യങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിയിൽ തന്നെ ശേഖരിക്കാൻ മന്ത്രി എ.സി. മൊയ്തീന്റെ അധ്യക്ഷതയിൽ പറവൂർ നഗരസഭയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. പ്രളയത്തെത്തുടർന്നുള്ള നടപടികളുടെ അവലോകനയോഗത്തിലാണ് തീരുമാനം.

മാലിന്യങ്ങൾ ശേഖരിച്ച് ഗ്രീൻ കേരള കമ്പനിക്ക് കൈമാറും.

ശുചീകരണത്തിന് ജീവനക്കാരില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നല്കും. ദുരിതബാധിതർക്കായി സർക്കാർ ഏർപ്പെടുത്തിയ കിറ്റുകൾ ഇനി ദുരിതാശ്വാസകേന്ദ്രങ്ങളിൽ നല്കുകയില്ല. ജനപ്രതിനിധികളെ ബോധ്യപ്പെടുത്തി വില്ലേജ് ഓഫീസുകൾ മുഖേനയാണ് നല്കുക. ദുരിതവുമായി ബന്ധപ്പെട്ട് നഷ്ടത്തിന്റെ കണക്കെടുക്കാൻ ബിഎൽഒമാരെ ചുമതലപ്പെടുത്തി.

പറവൂർ ചന്തയിലെ വ്യാപാരികൾക്ക് ഒരുകോടി രൂപയുടെ നഷ്ടമുണ്ടായെന്ന് നഗരസഭാധ്യക്ഷൻ മന്ത്രിയെ അറിയിച്ചു. ഇക്കാര്യത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി റവന്യൂ അധികൃതരോട് ആവശ്യപ്പെട്ടു.

തഹസിൽദാർ എം.എച്ച്. ഹരീഷ്, നഗരസഭാ ചെയർമാൻ രമേഷ് ഡി. കുറുപ്പ്, പഞ്ചായത്ത് പ്രസിഡന്റുമാർ, ജല അഥോറിറ്റി, കെഎസ്ഇബി അധികൃതർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

പിന്നീട് മന്ത്രി വിവിധ ദുരിതാശ്വാസ ക്യാമ്പുകളായ പ്രസന്റേഷൻ കോളജ്, പുത്തൻവേലിക്കര പഞ്ചായത്തിലെ എളന്തിക്കര എൽപി സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു.